# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 121 — 15.06.2012 ൽ മറുപടിക്ക്

### കാര്യക്ഷമമായ പഞ്ചായത്ത് ഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ:<br>,, മോൻസ് ജോസഫ്:<br>,, റ്റി.യു. കുരുവിള:<br>,, സി.എഫ്. തോമസ്: | ഡോ.എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്തുകളുടെ വർദ്ധിച്ചുവരുന്ന ജോലിഭാരം കണക്കിലെടുത്ത് ത്രിതല പഞ്ചായത്തുകളിലെ ഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) ത്രിതല പഞ്ചായത്തുകളുടെ ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കമ്പ്യൂട്ടർ വത്കൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കിവരികയും അക്കൗണ്ടിംഗ് കാര്യക്ഷമമാക്കുന്നതിലേക്ക് എല്ലാ ഗ്രാമപഞ്ചായത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സേവനങ്ങളെകുറിച്ച് പൗരന്മാരെ ബോധവാൻമാരാക്കുന്നതിന് പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ആഫീസിന്റെ പുറത്ത് അവ രേഖപ്പെടുത്തി വയ്ക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് സേവനം യഥാസമയം നൽകുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ആഫീസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പൊതുജനങ്ങൾക്ക് വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വേഗത്തിലും കൃത്യതയിലും സേവനം പ്രദാനം |

ചെയ്യുന്നതിന് ഐ.കെ.എം.ന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുള്ള കമ്പ്യൂട്ടർവത്ക്കരണം നടന്നു വരികയാണ്.

കില മുഖാന്തിരം ജീവനക്കാർക്കും ജനപ്രതിനിധികൾക്കും സമയബന്ധിതമായി പരിശീലനം നൽകി വരുന്നു. പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നിയോഗിച്ച കമ്മിറ്റി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.പ്രസ്തുത റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിനായി ഒരു ആറംഗ കമ്മിറ്റിയെ നിയോഗിക്കുകയും, ടി കമ്മിറ്റി പഠന റിപ്പോർട്ട് പരിശോധിച്ചു വരികയുമാണ്.

കൂടാതെ പഞ്ചായത്തുകളിൽ മറ്റുവകുപ്പുകളിൽ നിന്നും ജീവനക്കാരെ പുനർ വിന്യസിക്കുകയും സെറിഫെഡിൽ നിന്നും ജീവനക്കാരെ വകുപ്പിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.

ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അവലോകനം നടത്തി പഞ്ചായത്ത് ഡയറക്ടർ മതിയായ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു. കൂടാതെ എല്ലാ ജില്ലാ ബ്ലോക്കു പഞ്ചായത്തുകളിലും ഭരണം കാര്യക്ഷമമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങൾക്കുള്ള സേവനം സുതാര്യമായും കാര്യക്ഷമമായും നൽകി വരികയും ചെയ്യുന്നു. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പരിശീലനവും നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പഞ്ചായത്തിൽ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കൃത്യതയുള്ളതും, സുതാര്യവുമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | പഞ്ചായത്ത് ഫണ്ടുകൾ കൃത്യതയോടും സുതാര്യവുമായി വിനിയോഗിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചതുവഴി അതത് ദിവസത്തെ സാമ്പത്തിക സ്ഥിതിയും ചെലവ്വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നുണ്ട്. കൂടാതെ സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് ഫണ്ട് വിനിയോഗം കൂടുതൽ കൃത്യതയോടും സുതാര്യതയോടും നടപ്പാക്കാനും കഴിയുന്നുണ്ട്. കൂടാതെ ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായി ത്രിതല പഞ്ചായത്തുകൾ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. |
| (സി) | പഞ്ചായത്തുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പഞ്ചായത്തുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനോടകം തന്നെ ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.<br><br>ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.ആദ്യം വരുന്നവർക്ക് ആദ്യസേവനം എന്ന തത്വം ഇതിലൂടെ പ്രാവർത്തികമാക്കാൻ സാധിച്ചു. ജനന/ മരണ/ വിവാഹ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ, ജീവന കാര്യങ്ങൾ, അക്കൗണ്ടിംഗ്, പദ്ധതി നിർവ്വഹണം എന്നീ ജോലികൾ കമ്പ്യൂട്ടർവത്ക്കരിക്കുക വഴി പ്രവർത്തനക്ഷമത വർദ്ധിച്ചിട്ടുണ്ട്. |

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സേവന എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴി 976 ഗ്രാമപഞ്ചായത്തുകളിൽ നടത്തുന്നുണ്ട് 'സേവന' (പെൻഷൻ) എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴി സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം 975 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കുന്നതിനുള്ള 'സ്ഥാപന' ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ 928 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകളിൽ ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി ഓരോ സെക്ഷനിലും അതാത് സമയത്തെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഫയൽ മോണിറ്ററിംഗ് ചെയ്യുന്നതിനും 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ 308 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി ജീവനക്കാരുടെ ജോലിഭാരം കുറയുന്നത് മാത്രമല്ല പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും ചിട്ട ചൈവരിക്കുന്നതിനും സമയബന്ധിതമായി കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും കഴിയുന്നു. സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്ന കമ്പ്യൂട്ടറുകളുടെ പരിധി 5 ൽ നിന്ന് 9 ആക്കി ഉയർത്തിയിട്ടുണ്ട്. ബ്ലോക്കു പഞ്ചായത്തുകളിൽ പൗരാവകാശ രേഖയിൽ പരാമർശിക്കുന്ന സേവനങ്ങൾ

യഥാവിധി നടപ്പിലാക്കുന്നതിലെ പുരോഗതി പഞ്ചായത്ത് വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ജില്ലാ പഞ്ചായത്തുകളിൽ ഐ.കെ.എം സാങ്കേതിക സഹായത്തോടെ കമ്പ്യൂട്ടർവൽക്കരണം നടത്തി മെച്ചപ്പെട്ടതും വേഗതയേറിയതുമായ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടുവരുന്നു.

സെക്ഷൻ ഓഫീസർ